(Pages : 4) **L – 3004**

Reg. No. : .............................

Name : ..................................

**Second Semester B.A./B.Sc. Degree Examination, May 2021**

**First Degree Programme under CSS**

**SDE**

**Malayalam Language**

**Language Course V – Additional Language II**

**ML 1211.1 : GADHYASAHITHYAM**

**(2017 admission onwards)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ ചെറുകഥ ഏത് ?

2. 'ഗുരുസ്മരണ' എന്ന ലേഖനം എഴുതിയതാര് ?

3. 'മലയാളനോവൽ സാഹിത്യചരിത്രം' രചിച്ചതാര് ?

4. മലയാളത്തിൽ ചരിത്രനോവലുകൾക്ക് തുടക്കം കുറിച്ചതാര് ?

5. 'ചങ്ങമ്പുഴയുടെ ക്ഷയരോഗം 'കളിത്തോഴി' പ്രവചിച്ചിരിക്കുന്നു' എന്ന ലേഖനം ഏതു പുസ്തകത്തിലേതാണ് ?

6. 'മഹാനടൻ' എന്ന ലേഖനത്തിൽ ഏത് മഹാനടനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത് ?

P.T.O.

gcwcentrallibrary.in

7. 'മാമ്പഴം' എന്ന കവിതയുടെ കർത്താവാര് ?

8. മനഃശാസ്ത്രനിരൂപണവുമായി രംഗത്തെത്തിയ രണ്ട് മലയാളനിരൂപകർ.

9. ചങ്ങമ്പുഴയെ ശാരീരികമായി കീഴ്പ്പെടുത്തിയ രോഗം എന്ത് ?

10. ചെറുകഥ ഇന്നലെ ഇന്ന് രചിച്ചതാര് ?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. "വേണ്ട മാധവാ, നീ എങ്ങോട്ടോ പുറപ്പെട്ടതല്ലേ ? ഇതിന് കുറച്ചു സമയം വേണം ഞാൻ പിന്നീട് വരാം" സന്ദർഭം വ്യക്തമാക്കുക.

12. മലയാളത്തിലെ ആദ്യകാല കഥാകൃത്തുക്കളെ പരിചയപ്പെടുത്തുക.

13. "ഞാനും ഒരു മനുഷ്യനാണെന്ന് അവരോട് പറയൂ" ആരോട് സന്ദർഭം എന്ത് ?

14. "അയാൾക്ക് വേണ്ടതു മനുഷ്യരാണ്. അന്യോന്യം മനസ്സിലാക്കാൻ കഴിയുന്ന മനുഷ്യർ" സന്ദർഭം എഴുതുക.

15. "മുസ്തഫ ഉടനെ നാട്ടിലെത്തേണ്ടതു ഞങ്ങളുടെകൂടി ആവശ്യമാണല്ലോ എന്നോർക്കുകയായിരുന്നു ഞാൻ" - കാരണമെന്ത് ?

16. "വാശിപിടിച്ചാ ഞാനെന്തു ചെയ്യാനാ അശോകാ. കാലക്ഷേപം എന്നൊക്കെ പറഞ്ഞ് കാത്തിരിക്കാൻ പറ്റ്വോ. മറ്റുള്ളോർക്കും ജീവിക്കണ്ടെ ?" വിശദമാക്കുക.

17. കവിതയുടെ ഇന്ദ്രിയഗോചരമായ ഏകഘടകം ശബ്ദം തന്നെയെന്ന് സുകുമാർ അഴീക്കോട് സ്ഥാപിക്കുന്നതെങ്ങനെ ?

18. "അവരുടെ ധൈര്യം കണ്ട് ഞങ്ങൾക്കെല്ലാവർക്കും അത്ഭുതമുണ്ടായി." ഗുരുസ്മരണയിൽ കലാമണ്ഡലം കൃഷ്ണൻ നായർ ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ? കാരണമെന്ത് ?



gcwcentrallibrary.in

19. "എന്തുചെയ്യാം. മലയാളം അറിയില്ലല്ലോ. വയസ്സും ഏറി" - സന്ദർഭം വ്യക്തമാക്കുക.

20. "പക്ഷേ, അന്ത്യങ്ങളാണ് കലയിലും ജീവിതത്തിലും ശരിപ്പെടുത്താൻ ഏറ്റവും വിഷമം" - ഇങ്ങനെ പറയാൻ കാരണമെന്ത് ?

21. 'ഈ രണ്ടുതരംപ്രജ്ഞകളുടെ സ്തുതിയിൽ ജീവിച്ചുകൊണ്ടാണ് ചങ്ങമ്പുഴ രോഗാവസ്ഥയിൽ വ്യഥിതദാർശനികനായി മാറിയത്.' വിശദമാക്കുക.

22. "മനസ്വിനി" എന്ന കാവ്യത്തെ പരിചയപ്പെടുത്തുക.

**(8 × 2 = 16 Marks)**

III. ഓരോന്നിനും **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23. "ഭാവനയിലെ രോഗം ശരീരത്തിലെ രോഗത്തെ നോവലിലൂടെ പ്രവചിക്കുകയായിരുന്നു." കളിത്തോഴിയെക്കുറിച്ചുള്ള ഈ അഭിപ്രായത്തിന്റെ പിന്നിലുള്ള കാരണമെന്ത് ?

24. വായനക്കാരെ ആകസ്മികാനുഭത്തിന്റെ ഭ്രമാത്മകപരിസരത്തിലെത്തിക്കുന്ന കഥയാണ് "ആറാംകാലം". വിലയിരുത്തുക.

25. 'ചന്തുപ്പണിക്കർ' എന്ന ഗുരുവിനെ കലാമണ്ഡലം കൃഷ്ണൻ നായർ അനുസ്മരിക്കുന്നതെങ്ങനെ ?

26. മനഃശാസ്ത്രനിരൂപണത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

27. ആത്മകഥാസാഹിത്യം എന്നാലെന്ത് ? സവിശേഷതകൾ വ്യക്തമാക്കുക.

28. അഴീക്കോടിന്റെ അഭിപ്രായത്തിൽ കവിതയുടെ മൂലഘടകങ്ങൾ ഏവ ?

29. 'ലോല' എന്ന കഥാപാത്രത്തെ വിലയിരുത്തുക.

30. ഉത്തരാധുനിക കഥകളുടെ പ്രത്യേകതകൾ എന്തെല്ലാം ?

31. ആത്മരതിയും മാതൃരതിയും സമ്മേളിക്കുന്ന കാവ്യമായി 'മാമ്പഴം' എന്ന കവിതയെ എം.എൻ. വിജയൻ അടയാളപ്പെടുത്തുന്നതെങ്ങനെ ?

**(6 × 4 = 24 Marks)**



gcwcentrallibrary.in

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. രോഗത്തെയും സാഹിത്യഭാവനയെയും കെ.പി. അപ്പൻ ചങ്ങമ്പുഴയെ മുൻനിർത്തി വിശകലനം ചെയ്യുന്നതെങ്ങനെ ?

33. കാല്പനികകഥകളുടെ പ്രത്യേകതകളെ ആവാഹിക്കുന്ന കഥയാണ് 'കടയനെല്ലൂരിലെ ഒരു സ്ത്രീ'. അപഗ്രഥിക്കുക.

34. ആധുനിക നോവൽ പരിസരം 'ഒരു ദളിത് യുവതിയുടെ കദനകഥ'യിൽ അവതരിപ്പിക്കുന്നതെങ്ങനെ ?

35. സ്മരണകളുടെ ആഴം പേറുന്ന രണ്ട് ലേഖനങ്ങളാണ് 'മഹാനടൻ', 'ഗുരുസ്മരണ' എന്നിവ. വിലയിരുത്തുക.

**(2 × 15 = 30 Marks)**

gcwcentrallibrary.in